# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അന്നമനട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി1)1701/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 25/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്നമനട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി1)1701/2023 തീയ്യതി: 25/11/2023

## തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 05-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ഷീന.കെ.ടി.(ഓഡിറ്റ് ഓഫീസർ)

ശ്രീമതി സുമിത ടി.എസ്.(അസി.ഓഡിറ്റ് ഓഫീസർ)

നിലൂഫർ ബി.ഐ. (ഓഡിറ്റർ)

ധന്യ ദിലീപ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.വി വിനോദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| റീന ടി ജെ | സെക്രട്ടറി | 01-04-2022 | 30-04-2022 |
| പ്രീതി എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2022 | 27-11-2022 |
| ജോൺ ജോൺ പാറയ്ക്കൽ | സെക്രട്ടറി | 28-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രീതി എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഐവിൻ ഗേഡിൻ സിസിൽവ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 21-11-2022 |
| സുജന | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്) | 22-11-2022 | 29-11-2022 |
| സിന്ധു | അസിസ്റ്റന്റ് എഞ്ചിനീയർ | 30-11-2022 | 31-03-2023 |
| ഡോ.മിനി രാധാകൃഷ്ണൻ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.സുബിത | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ബ്ലസി പോൾ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഭാഗ്യ ലക്ഷ്മി | കൃഷി ഓഫീസർ | 01-04-2022 | 24-07-2022 |
| ഹുസൈൻ | കൃഷി ഓഫീസർ (അഡീഷണൽ ചാർജ്ജ്) | 25-07-2022 | 21-08-2022 |
| സിമ്മി സി.കെ | കൃഷി ഓഫീസർ (അഡീഷണൽ ചാർജ്ജ്) | 22-08-2022 | 01-09-2022 |
| ഹുസൈൻ | കൃഷി ഓഫീസർ (അഡീഷണൽ ചാർജ്ജ്) | 02-09-2022 | 19-01-2023 |
| തോമസ് പി ഒ | കൃഷി ഓഫീസർ (അഡീഷണൽ ചാർജ്ജ്) | 20-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ബിന്ധ്യ വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| സവിത ശശി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 04-01-2023 | 31-03-2023 |
| സൂനജ് കുമാർ ടി എച്ച് | വി ഇ ഒ (മേലഡൂർ സർക്കിൾ) | 01-04-2022 | 26-07-2022 |
| ജയ എ വി | വി ഇ ഒ (മേലഡൂർ സർക്കിൾ) | 27-07-2022 | 05-08-2022 |
| ഗീത | വി ഇ ഒ (മേലഡൂർ സർക്കിൾ) | 06-08-2022 | 31-03-2023 |
| ജയ എ വി | വി ഇ ഒ (വെസ്റ്റ് കൊരട്ടി സർക്കിൾ) | 01-04-2022 | 31-03-2023 |
| ശശി വി വി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| നിഷ സി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.ആൻമേരി .സി.ക്ലീറ്റസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച.സി )) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | Income And Expenditure Account ൽ Total Sanitation എന്ന ശീർഷകം രേഖപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-3 |
| 5 | മുൻകൂർ തുക ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-4 |
| 6 | " Directly Credited By Bank” ഉചിതമായ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തിയില്ല | 1-1-5 |
| 7 | രജിസ്റ്ററുകളും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | കുടിശ്ശിക നോൺ-റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല. | 1-1-11 |
| 13 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല. | 1-1-12 |
| 14 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല . | 1-1-14 |
| 16 | രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. | 1-1-15 |
| 17 | Fixed Deposit -വാർഷികകണക്കിലെ തുകയുമായി പൊരുത്തമില്ല | 1-1-16 |
| 18 | ലോൺ-നീക്കിയിരിപ്പ് തുക പൊരുത്തമില്ല | 1-1-17 |
| 19 | വസ്തു നികുതി ഡിമാന്റ് ഒരു തവണമാത്രം രേഖപ്പെടുത്തി | 1-1-18 |
| 20 | വാടക ഡിമാന്റ് ചട്ടപ്രകാരം രേഖപ്പെടുത്തിയില്ല | 1-1-19 |
| 21 | എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. | 1-1-20 |

| | | |
|---|---|---|
| 22 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല. | 1-1-21 |
| 23 | വാടകയിനത്തിലെ കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-22 |
| 24 | ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-1-23 |
| 25 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-1-24 |
| 26 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം രേഖപ്പെടുത്തിയിട്ടില്ല | 1-1-25 |
| 27 | "Capital Contribution" ഒരേ തുക തന്നെ രേഖപ്പെടുത്തി | 1-1-26 |
| 28 | Capital Work In Progress തെറ്റായി രേഖപ്പെടുത്തി | 1-1-27 |
| 29 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തമില്ല | 1-1-28 |
| 30 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-29 |
| 31 | ബജറ്റ് | 1-2 |
| 32 | ഫണ്ട് വിനിയോഗം | 1-3 |
| 33 | പദ്ധതി അവലോകനം | 1-4 |
| 34 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 35 | ക്ഷേമപെൻഷനുകൾ | 1-6 |
| 36 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 37 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 38 | നികുതി നികുതിയേതര വരവുകളുടെ അവലോകനം | 1-9 |
| 39 | രസീത് ബുക്ക് -അപാകത | 1-10 |
| 40 | തൊഴിൽ നികുതി അടവാക്കുന്നില്ല | 1-11 |
| 41 | കള്ളുഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 42 | സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കേണ്ടതാണ്. | 1-13 |
| 43 | വാടകക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടതാണ്. | 1-14 |
| 44 | തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്. | 1-15 |
| 45 | നമ്പറിങ്ങ് ഫയൽ പരിശോധന-അപാകങ്ങൾ | 1-16 |
| 46 | വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-17 |

| | | |
|---|---|---|
| 47 | ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല | 1-18 |
| 48 | പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്പ് ലഭ്യമാക്കൽ -ഒറിജിനൽ ഇൻവോയ്സ് ഇല്ല. | 1-19 |
| 49 | ഹോമിയോ മരുന്ന് ലഭ്യമായില്ല.നോൺ അവൈലബിലിറ്റി സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് തുക കൈമാറി | 1-20 |
| 50 | ബാലസഭ -അധിക ചെലവ് 15270 രൂപ | 1-21 |
| 51 | അഗതി രഹിത കേരളം -അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന വികസന ഫണ്ട് -10,50000 രൂപ | 1-22 |
| 52 | ഹരിത മിത്രം ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 53 | പി എം എ വൈ പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗ സക്ഷ്യപത്രം പൂർണ്ണമല്ല. | 1-24 |
| 54 | ലൈഫ് ഭവനനിർമാണം -അഡ്വാൻസ് കൈപ്പറ്റിയിട്ടും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. | 1-25 |
| 55 | എക്കാട്ടിതോട് വൻതോട് പുറക്കുളം വിവിധ സംരക്ഷണ പ്രവർത്തികൾ-കരാർ വച്ചിട്ടും പ്രോജക്ട് നടപ്പാക്കിയില്ല. | 1-26 |
| 56 | ഞങ്ങളും കൃഷിയിലേക്ക്-വനിതാ പച്ചക്കറി കൃഷി- ഗ്രോ ബാഗ് വിതരണരേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-27 |
| 57 | പച്ചക്കറി കൃഷി- തുക വിതരണം നടത്തിയതിന് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 58 | ജലനിധി കുടിശ്ശിക | 1-29 |
| 59 | പഠനമുറി പൂർത്തീകരിച്ചിട്ടില്ല. | 1-30 |
| 60 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-31 |
| 61 | മരുന്ന് ലഭ്യമായില്ല | 1-32 |
| 62 | ഹോസ്പിറ്റൽ മാനേജിങ്ങ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-33 |
| 63 | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി മാമ്പ്ര നടപ്പിലാക്കിയ പ്രൊജക്ടുകൾ -രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-34 |
| 64 | ബാലസൗഹ്ദ പഞ്ചായത്ത് വിജയ ഭേരി 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-35 |
| 65 | ബാലസൗഹ്ദ പഞ്ചായത്ത് മികവിന്റെ കേന്ദ്രം-300000 രൂപയുടെ ചെലവ് തടസ്സപ്പെടത്തുന്നു | 1-36 |
| 66 | എൻ ആർ എച്ച് എം ഹോമിയോ അറ്റൻഡർക്ക് ദിവസവേതനം അധികം | 1-37 |

| | | |
|---|---|---|
| | നൽകിയത് | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എൻ ആർ എച്ച് എം ഹോമിയോ അറ്റൻഡർക്ക് ദിവസവേതനം അധികം നൽകിയത് | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2023 തീയതിയിലെ 1(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 14.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അന്നമനട ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.
സ്ഥലം : തൃശ്ശൂർ

തീയതി: 25.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-1-2 Income And Expenditure Account ൽ Total Sanitation എന്ന ശീർഷകം രേഖപ്പെടുത്തിയിട്ടില്ല.

2022-23 വർഷത്തെ ട്രയൽ ബാലൻസിൽ 160100682 -Total Sanitation എന്ന ശീർഷകത്തിൽ 13000രൂപ Debit &Credit ആയി ചേർത്തിട്ടുണ്ട്. എന്നാൽ Income And Expenditure Account ൽ Total Sanitation എന്ന ശീർഷകവും തുകയും രേഖപ്പെടുത്തിയിട്ടില്ല.

### 1-1-3 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8493821 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10144014രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-4 മുൻകൂർ തുക ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി

| പ്രോജക്റ്റ്നം./പേര് | തുക | ഫണ്ട് | ശീർഷകം |
|---|---|---|---|
| 25/Purchase Of Medicine To Poovathussery Homeo Dispensary | 250,000.00 | Maintenance Fund - Non-Road Assets | 251110208 \| Medical Institution-Homoeo-Purchase Of Medicines In Health Institutions |
| 26/ Purchase Of Medicine For Annamanada NHM Homeo Dispensary | 200,000.00 | Maintenance Fund - Non-Road Assets | 251110208 \| Medical Institution-Homoeo-Purchase Of Medicines In Health Institutions |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ മേൽ പ്രോജക്ടുകളിൽ തുക മുൻകൂറായി നല്കിയിട്ടുള്ളതിനാൽ ആയത് കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ" ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തെറ്റായി ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രോജക്റ്റ് നം.26 ൽ 99940 രൂപയുടെ മരുന്നാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയായ 100060 രൂപയുടെ മരുന്നും പ്രോജക്റ്റ് നം.25 ലെ 250,000 രൂപയുടെ മരുന്നും ലഭ്യമായിട്ടില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 16(3) പ്രകാരം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗം ചെലവ് ശീർഷകങ്ങൾ കൃത്യമാക്കാത്തതാണ് ഇതിന് കാരണം. നിർവ്വഹണോദ്യോഗസ്ഥൻ ഏതുദ്ദേശ്യത്തിന് തുക വിനിയോഗിച്ചുവെന്ന വിവരങ്ങൾ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗത്തിന് ലഭ്യമാക്കേണ്ടതും അക്കൗണ്ട്സ് വിഭാഗം ഈ ചെലവുകൾ ഉചിതമായ

ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-1-5 " Directly Credited By Bank” ഉചിതമായ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തിയില്ല

"Directly Credited By Bank” എന്ന ഇനത്തിൽ 21030 രൂപ ഉൾപ്പെടുത്തിയാണ് റികൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് അക്കൗണ്ട് | തീയ്യതി | തുക |
|---|---|---|
| Canara Bank Health Diagonostic Infrastructure -110042864721 | 31.3.2023 | 21030 |

1-1-6 രജിസ്റ്ററുകളും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

A) ലൈസൻസ്, വാടക ഇനത്തിൽ വാർഷികകണക്കിലെ തുകകളും രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ഇനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| ലൈസൻസ്(രജിസ്റ്റർ പ്രകാരം) | 310190 | 310190 |
| ലൈസൻസ് (വാർഷികകണക്ക് പ്രകാരം) | 360190 | 360190(2021-22 ലെ Balance Sheet Schedule B-9 + 2022-23 ലെ ScheduleRP-45) |

B) വാടകയിനത്തിലെ കുടിശ്ശിക ഡിമാന്റ് തുക രജിസ്റ്റർ പ്രകാരം 255013 രൂപയും വാർഷികകണക്ക് (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-15) പ്രകാരം 265867 രൂപയുമാണ്. ഡിമാന്റ് തുകയിലെ വ്യത്യാസമായ 10854 രൂപ 17.11.2022 ലെ സ.ഉ.(സാധാ)നം. 2833/2022/LSGD ഉത്തരവനുസരിച്ച് ഒഴിവാക്കിയിട്ടുള്ളതാണ്. ഒഴിവാക്കിയ 10854 രൂപകൂടി ഉൾപ്പെടുത്തിയാണ് വാർഷികകണക്ക് തയ്യാറാക്കിയിരിക്കുന്നത്.

1-1-7 വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3626462 | 3595916 | 17376 | 16836 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3626462 | 3629708 | 17376 | *16836 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(17689 /105X100)=16846 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയസോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

1-1-8 നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2840166 | 2829458 | 8380 | 6936 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2840166 | 2823836 | 8380 | *6936 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(7286 /105X100)=6939 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് |

| | | | | |
|---|---|---|---|---|
| | | | | സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുകസഞ്ചയസോഫ്റ്റ്‌വെയറിലും വാർഷികകണക്കിലുംകണക്കാക്കപ്പെടുന്നില്ല

## 1-1-9 കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 27959 | 14888 | 14783 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 15162 | 14883 | *14783 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (2425+13496=15921/105*100=15162) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | *(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (15532/105X100)= 14792 ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ഡിമാന്റ്, കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയസോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല

## 1-1-10 കുടിശ്ശിക നോൺ-റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2507 | 2509 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1030 | 2506 | 0 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് | (റസീറ്റ് & പേയ്മെന്റ് | |

| | | | |
|---|---|---|---|
| | ഷെഡ്യൂൾ ബി-15) *(1082/105*100=1030) | പത്രിക ,ഷെഡ്യൂൾ ആർ.പി-45) | |

1. ഡിമാന്റ്, കളക്ഷൻ തുകകൾ എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുകസഞ്ചയസോഫ്റ്റ്വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

## 1-1-11 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 327898 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 327793രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല മറിച്ച് 342640രൂപയാണ്. {(ജേണൽ വൗച്ചർനം.42201151/31-03-2023 (290208രൂപ) &42201153/31-03-2023 (52432രൂപ)}

## 1-1-12 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 34410 | 508511 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 35096 | 633997 |

## 1-1-13 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും

ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

2. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

3. വാടക ഡിമാന്റ് രജിസ്റ്റർ

4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-15 രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

1-1-16 Fixed Deposit -വാർഷികകണക്കിലെ തുകയുമായി പൊരുത്തമില്ല

Fixed Deposit കളുടെ പരിശോധനയിൽ പലിശയുൾപ്പെടെ ആകെ 16509409 രൂപയുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B12 – Investments – Fixed Deposit ഇനത്തിൽ 15341848 രൂപയാണ് ചേർത്തിട്ടുള്ളത്.

1-1-17 ലോൺ-നീക്കിയിരിപ്പ് തുക പൊരുത്തമില്ല

ലോൺ രജിസ്റ്റർ പ്രകാരം 31/3/2023 ലെ നീക്കിയിരിപ്പ് 3866257 രൂപയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B5 പ്രകാരമുള്ള നീക്കിയിരിപ്പ് 3963257 രൂപയുമാണ്. (97000 രൂപയുടെ വ്യത്യാസം കാണുന്നു)

1-1-18 വസ്തു നികുതി ഡിമാന്റ് ഒരു തവണമാത്രം രേഖപ്പെടുത്തി

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ അന്നമനട ഗ്രാമപഞ്ചായത്തിൽ 219 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണ മാത്രം 31.3.2023 തീയതിയിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത്

തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-19 വാടക ഡിമാന്റ് ചട്ടപ്രകാരം രേഖപ്പെടുത്തിയില്ല

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(38 കെട്ടിടങ്ങൾ) | 130100101-Rent From Building | 1277852<br>94140 | 31.3.2023<br>31.3.2023 | J 42201104<br>J 42201105 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-20 എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-21 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം Prior Period Item എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി

ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190200101-Prior Period Income -Rent From Building | -6878(Difference In RP & IE) |
| 190200401-Prior Period Income-Other Income | -5121 |

## 1-1-22 വാടകയിനത്തിലെ കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-23 ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 9853951 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-1-24 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളുടെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം/തുക | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320300102 | Grants Funds And Contributions For Specific Purposes-other Govt Agencies -963 രൂപ | | 450210101 | SBI 37579349551 | 7445 |
| 3 | 320100181 | Total Sanitation Campaign -10000 രൂപ | | ശീർഷകം ഇല്ല | | |
| 4 | 320100198 | Grant From Suchitwamission -343943 രൂപ | | 450210101 | IDBI Suchitwa Mission-1805104000054834 | 0 |

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-1-25 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം രേഖപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക B-17 |
|---|---|---|---|
| 1 | 450210101 | SBI Nirmal Puraskar-31085377581 | 623741 |
| 2 | 450210102 | Kerala Bank -Bhavana Nidhi-146112801003562 | 6127 |
| 3 | 450210102 | Kerala Bank -Distress Relief Fund Covid-146112301054829 | 59307 |
| 4 | 450210101 | SBI 33326072041 | 2144651 |
| 5 | 450210102 | Other Co Operative Bank -3634 | 23179 |
| 6 | 450210102 | Other Co Operative Bank -3672 | 28176 |

### 1-1-26 "Capital Contribution" ഒരേ തുക തന്നെ രേഖപ്പെടുത്തി

31/3/2022ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (5018914രൂപ) 31/3/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന മൂലധന ചെലവുകളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ.ഉ. 152/2011 /ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-1-27 Capital Work In Progress തെറ്റായി രേഖപ്പെടുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/23 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2023 ൽ പണിപൂർത്തീകരിക്കാത്തതുമായ ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഇല്ല. എന്നാൽ 31/3/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ - B3 11(b)പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ 1673776 രൂപ ചേർത്തിട്ടുണ്ട്, ടി തുക Revenue Expenditure ആയി ചേർക്കേണ്ടിയിരുന്നതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/പേര് | തുക | വൗച്ചർനം/തീയതി |
|---|---|---|---|
| 1 | 197/EMS ഹാൾ പുനരുദ്ധാരണം | 510807രൂപ | 22201045/31.3.23 |
| 2 | 212/മണ്ണംതുരുത്ത് റോഡ് പുനരുദ്ധാരണം | 444692രൂപ | 42201073/28.3.23 |

| | | | |
|---|---|---|---|
| | വാർഡ്-16 | | |
| 3 | 216/റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് | 100000രൂപ | 22200729/23.12.22 |
| 4 | 194/ജയന്തി റോഡ് പൂവത്തുശ്ശേരി പുനരുദ്ധാരണം വാർഡ്-13 | 263066രൂപ | 42201064/27.3.23 |
| 5 | 221/കാട്ടുകുറ്റിപ്പാടം റോഡ് പുനരുദ്ധാരണം വാർഡ്-3 | 355211രൂപ | 42201059/27.3.23 |

## 1-1-28 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തമില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-6 പ്രകാരം 19114165 രൂപയാണ്. എന്നാൽ യഥാർത്ഥ വരവായി ചേർക്കേണ്ടിയിരുന്നത് 20739987 രൂപയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം Capital Contribution 2286640 രൂപയും Capital Work In Progress 78867 രൂപയുമാണ്. എന്നാൽ വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-3 യിൽ Capital Contribution ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1624823 രൂപയാണ്. Capital Work In Progress ൽ മേൽ തുക ഉൾപ്പെടുത്തിയിട്ടുമില്ല.

ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-14(F) ൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവായി ചേർത്തിട്ടുള്ളത് 20739017 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരം I-14(F) ൽ ചേർക്കേണ്ടിയിരുന്നത് 18374480 രൂപയാണ്.

## 1-1-29 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 156473277 |
| ആകെ ചെലവ് (B) | | 148277387 |
| മിച്ചം തുക C= A-B | | 8195890 |
| Prior Period Income | | -13987 |
| Prior Period Expenditure | 0 | |
| Net Difference Between Prior Period Income And Expenses ( D ) | | -13987 |
| | അക്കൗണ്ട്സ് പ്രകാരം | യഥാർത്ഥത്തിൽ വരേണ്ടിയിരുന്നത് |
| Prior Period Items വ്യത്യാസം | 8209877 | 8181903 |

| | |
|---|---|
| ക്രമീകരിച്ചതിന ശേഷമുള്ള മി ച്ച തുക (E) =C+D | |
| 31/3/22ലെ ബാലൻസ് ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 21562397.7 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | **29744300.7(ഗണിത ക്രിയയിൽ വ്യത്യാസം ഉണ്ട് ) |

**കുറിപ്പ്- ഓഡിറ്റിന് ILGMS മൊഡ്യൂളിൽ ലഭ്യമാക്കിയ Income And Expenditure Account പ്രകാരം വരുമാനം, ചെലവ് എന്നിവയിൽ വ്യത്യാസമില്ലെങ്കിലും മിച്ച തുകയായി കണക്കാക്കിയിരിക്കുന്നത് 8209877രൂപയാണ്. ഗണിത ക്രിയ പ്രകാരം വരേണ്ടത് 8181903 രൂപയാണ്.

## 1-2 ബജറ്റ്

| | പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ബജറ്റ് | 25-3-2022 | 1(1) | 309926720 | 283801000 |
| റിവൈസ്ഡ് ബജറ്റ് | 28-2-2023 | 1 | 299033000 | 277163921 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19311000 | 19311000 | 19042021 | 268979 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6741000 | 6741000 | 6741000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 11695000 | 11695000 | 11235484 | 459516 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5700000 | 5700000 | 5100829 | 599171 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied Grant) ബാങ്ക് | 2467218 | 5037000 | 7504218 | 1397583 | 6106635 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(UnTied-Basicgrant)ബാങ്ക് | 735837 | 3589641( പലിശ ഉൾപ്പെടെ) | 4325478 | 931781 | 3393697 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി) | 0 | 2286493 | 2286493 | 155709 | 2130784 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് (ട്രഷറി) | 0 | 863430 | 863430 | 0 | 863430 |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല.

*ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വികസന ഫണ്ട്-എസ്.സി.പി യിൽ സോഴ്സ് ഡിഡക്ഷൻ 438177 ഉൾപ്പെടുത്തിയിട്ടില്ല. മേൽ തുക കൂടി ഉൾപ്പെടുത്തിയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

** വികസന ഫണ്ട്-ജനറൽ സോഴ്സ് ഡിഡക്ഷൻ 1840366രൂപയാണ്, എന്നാൽ 1827466രൂപയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ശരിയായ തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied &Untied ന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, പലിശ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ശരിയായ തുകകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയപദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 194 | 92633949 | 130 | 52950446 | 57.16 | 67 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | 869566 | 869566 | 869566 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 16730894 | 16730894 | 16730894 | |
| മെറ്റീരിയൽ കോസ്റ്റ് | | 3139527 | 3139527 | 3139527 | |
| ആകെ | | 20739987 | 20739987 | 20739987 | |

വാർഷികകണക്കിലെ അപാകതകൾ ഖണ്ഡിക 1-1-28 ൽ ചേർത്തിട്ടുണ്ട്.

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7007200 | 4703 |
| വിധവാ പെൻഷൻ | 14526400 | 9367 |
| വാർദ്ധക്യകാല പെൻഷൻ | 33421000 | 22919 |
| വികലാംഗ പെൻഷൻ | 3526300 | 2237 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1074000 | 686 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-10-2023 തീയതിയിൽ 2.45 PM ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34710/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നികുതി നികുതിയേതര വരവുകളുടെ അവലോകനം

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

അന്നമനട ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി കുടിശ്ശിക നിവാരണത്തിനായി നോട്ടീസ് വിതരണം ചെയ്യുകയും സഞ്ചയ സോഫ്റ്റ് വെയർ വഴി എസ്.എം.എസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവിന് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും (21.6.2022ലെ തീരുമാനം. 2, 5.1.2023 ലെ തീരുമാനം. 3) ക്യാമ്പ് കളക്ഷൻ നടത്തിയിട്ടില്ല. നികുതി വരുമാനത്തിന്റെ പുരോഗതി സംബന്ധിച്ച് ആവശ്യമുള്ള ഘട്ടങ്ങളിൽ ഭരണസമിതിയിൽ ചർച്ച ചെയ്യുന്നുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിങ്ങുകളിലും നടത്തുന്നില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല. ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 7.5.22 ലെ തീരുമാനം 1(3) പ്രകാരം പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും (കെട്ടിടങ്ങൾ, റോഡ്, തോടുകൾ, ഇലക്ട്രിക് പോസ്റ്റ് എന്നിവ) കൃത്യമായി രേഖപ്പെടുത്തുന്നതിനും കെട്ടിടങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനും നികുതിചോർച്ച തടയുന്നതിനും ഗ്ലോബൽ സർവെ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും ആയത് നടപ്പാക്കിയില്ല.

രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 ബജറ്റ് പ്രകാരം | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 3481321 | 7000000 | 3626462 | 4.16 | കെട്ടിടങ്ങൾ 2022-23 ൽ അസ്സസ്സ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 2601978 | | 2840166 | 9.15 | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ പ്രൊഫഷണൽസ് & ട്രേഡേഴ്സ് | 435360 | 2600000 | 543320 | 24.79 | |
| തൊഴിൽ നികുതി - ജീവനക്കാർ | 1924920 | | 1983370 | 3.04 | |

| | | | | | |
|---|---|---|---|---|---|
| വാടക | 527278 | 1525000 | 1403992 | 166.27 | 38 കെട്ടിടങ്ങൾ വാടകയ്ക്ക് നല്കി |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതരവരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോയെന്ന പരിശോധന സ്ഥാപനത്തിനോ ഓഡിറ്റിനോ കഴിയുന്നില്ല.

2. വസ്തുനികുതി

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ അംഗീകരിച്ച നടപ്പിലാക്കിയിട്ടില്ല. എന്നാൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതിയിൽ 5% വർദ്ധനവ് സോഫ്റ്റ് വെയറിൽ വന്നിട്ടുണ്ട്. ഭരണസമിതിയുടെ 28.4.2023 ലെ 22(1) നമ്പർ തീരുമാനപ്രകാരം പുതിയ നികുതി നിരക്കുകൾ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുകയും പൊതുജനങ്ങളിൽ നിന്നും ആക്ഷേപം ക്ഷണിക്കുന്നതിന് 30 ദിവസം സമയം നല്കുകയും ചെയ്തിട്ടുണ്ട്. 29.9.2023 ലെ ഭരണസമിതിയുടെ 3(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം അംഗീകരിക്കുകയും 10.10.2023 ലെ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഐ.കെ.എം സോഫ്റ്റ് വെയറിൽ ക്രമീകരണം ആകാത്തതിനാൽ പുതിയ നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. 1.4.2023 മുതൽ സോഫ്റ്റ് വെയറിൽ വസ്തുനികുതി നിരക്കിൽ 5% വർദ്ധനവ് വന്നിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും )ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കുന്നതിനുള്ള പ്രോജക്ട് 2023-24 സാമ്പത്തികവർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഇല്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച സർക്കുലർ നം. RD3/94/2020/തസ്വഭവ. തീയതി 02.02.2022 പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്.

3.സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) ചുമത്തിയിട്ടില്ല. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല.

4.തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, ടാക്സ് കൊടുക്കാൻ ബാധ്യസ്ഥരായ സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ വർഗീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി മാസാന്ത്യം സാക്ഷ്യപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5.വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, എന്നിവ പഞ്ചായത്തിൽ നിലവിലില്ല. കൂടാതെ പ്രദർശന വിപണന മേളകൾ പഞ്ചായത്തിൽ നടത്തിയിട്ടില്ല.

6. നികുതിയേതര വരവുകൾ

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ടെങ്കിലും ചില സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. ആയത് സംബന്ധിച്ച് ഖണ്ഡിക 1-11 ൽ പരാമർശിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, വാടക,ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിലവിലുണ്ട്. ആയതിലെ റൂമുകൾ വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്.ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ ലേലനടപടികൾ 21-22,22-23 വർഷങ്ങളിൽ സ്വീകരിച്ചെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തിട്ടില്ല. കംഫർട്ട് സ്റ്റേഷൻലേലത്തിൽ പോകാതിരുന്നതിന്റെ കാരണങ്ങൾ കണ്ടെത്താവുന്നതും തുടർവർഷങ്ങളിൽ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ശുപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും ,കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

1-10 രസീത് ബുക്ക് -അപാകത

1.രസീത് ബുക്കിൽ ഡബിൾ സൈഡഡ് കാർബൺഉപയോഗിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ രസീത് ബുക്കുകളുടെ സ്റ്റോക്ക് ബുക്ക് പരിശോധിച്ചതിൽ 5945 എന്ന രസീത് ബുക്ക് ജയ, വി.ഇ. ഒ 13.03.23 ന് കൈപ്പറ്റിയതായി കാണുന്നു.ടി രസീത് ബുക്കിലെ 1 മുതൽ 44 വരെയുള്ള രസീതുകളിൽ (ബയോഗ്യാസ് പ്ലാന്റ് ഗുണഭോക്തൃ വിഹിതം 2022-23) ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/9.10.23) മറുപടിയായി ഡബിൾ സൈഡഡ് കാർബൺ പേപ്പർ പഞ്ചായത്തിലോ തൊട്ടടുത്ത കടകളിലൊ ലഭ്യമായിരുന്നില്ല എന്ന മറുപടിയാണ് ലഭിച്ചത്.

ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചാണ് രസീത് എഴുതുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

2.ഗുണഭോക്താവിന് രസീത് നൽകേണ്ടതാണ്.

2011 കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന എല്ലാ പണം വരവുകൾക്കും രസീത് നൽകേണ്ടതാണ്.

2022-23 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റിന്റെ (ഞങ്ങളും കൃഷിയിലേക്ക് പ്രോജക്റ്റ് നം.94) 2023-24 ലെ ഗുണഭോക്തൃ വിഹിതമായ 4000, 9000 എന്നീ തുകകൾ യഥാക്രമം 27.04.23 തീയതിയിൽ രസീത് നം.1230100309 പ്രകാരവും 15.06.23 തീയതിയിൽ രസീത് നം 1230100959 പ്രകാരവും പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നു.ടി തുകകൾക്ക് ഗുണഭോക്താവിന് രസീത് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14തിയതി.12.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

എല്ലാ പണം വരവുകൾക്കും രസീത് നൽകേണ്ടതാണ് എന്നതിനാൽ ഗുണഭോക്താവിന് രസീത് നൽകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി അടവാക്കുന്നില്ല

1. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2022-23വർഷ കാലയളവിൽ പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് |
|---|---|
| 1. | പ്രേമൻ. വി. ആർ |
| 2. | ജിജു. പി. എസ് |
| 3. | നൂർമിദ |
| 4. | ജോർജ്. ടി. ടി |
| 5. | സനീഷ്. എ. സ് |
| 6. | സാലി. കെ. പി |
| 7. | ഷാജി. കെ. കെ. |
| 8. | അജെക്സ്. എം. എ |
| 9. | ജെയ്സ്. കെ. കെ |
| 10. | പോളി വർഗ്ഗീസ്. ടി |
| 11 | ബിജി രമേഷ് |
| 12 | സേതു. കെ. പി |

എന്നാൽ പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും, പഞ്ചായത്ത് പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയോ ചെയ്യാത്തപക്ഷം തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.12/12.10.2023). മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും അവർക്ക് കരാർ നൽകിയതിന്റെ മൂല്യത്തിനനുസൃതമായി

തൊഴിൽനികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

2. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗംവഹിക്കുന്നതോ, മൂതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (1994 കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204)

എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. കാച്ചപ്പിള്ളിയിൽ ആയുർവേദ ക്ലിനിക്ക്, അന്നമനട

2. ഡോ. ഓമന സക്കറിയാസ് ഹോമിയോ ക്ലിനിക് മാമ്പ്ര

3. ഡെക്കാൻ കുറീസ്

4. പാലയിൽ ആയുർവേദ ഡിസ്പെൻസറി

5. ഹെൽത്ത് ആൻഡ് ഹൈജീൻ ഡെന്റൽ ക്ലിനിക്

6. . ഹൈടെക് നീതി ലാബ് , അന്നമനട

7. മാധവ ഹോമിയോ ക്ലിനിക്

8.ബ്രൈറ്റ് റബേഴ്സ് - റബ്ബർ മോൾഡ് സാധനങ്ങൾ നിർമ്മാണം

9.നെൽകോ പിവിസി പ്രോഡക്ട്സ്

10. VA ഫ്യൂവൽസ്

11. സപ്ലൈക്കോ സൂപ്പർമാർക്കറ്റ് പൂവത്തുശ്ശേരി.

12. ക്ഷീര സംഘങ്ങൾ

1) വെണ്ണൂർ

2) കുമ്പിടി

13. റേഷൻ കടകൾ

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.12/ 12.10.2023). തൊഴിൽനികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 കള്ളുഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്

സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 എന്നിവ പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2022-23 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണം നമ്പർ : 8/11.10.23) പ്രസ്തുത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (ചട്ടങ്ങൾ) ചട്ടം (3) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.

2021-22 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകളും, ലൈസൻസ് രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ടി വർഷത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചതായി കാണുന്നു.2022-23 സാമ്പത്തിക വർഷത്തിലും ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ/ പ്രവർത്തന രഹിതമാണോ, പ്രവർത്തിക്കുന്നുണ്ടെങ്കിൽ രജിസ്ട്രേഷൻ പുതുക്കിയതിന്റെയും ലൈസൻസ് എടുത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.7/11.10.23) 2022-23 ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല എന്ന് മറുപടി ലഭിച്ചു.

| പാരാമെഡിക്കൽ സ്ഥാപനങ്ങൾ | മേൽവിലാസം |
|---|---|
| ഷജിന നഴ്സിങ്ങ് ഹോം & ക്ലിനിക്കൽ ലാബ് | ഷൈജാസ് മജീദ് പോക്കാക്കില്ലത്ത്, അന്നമനട |
| പി.ടി കുമാരൻവൈദ്യർ മെമ്മോറിയൽ ആയുർവേദ ഹോസ്പിറ്റൽ | ഡോ. പി. കെ മുകേഷ്, പ്ലാശ്ശേരി, പൂവത്തുശ്ശേരി |
| പാലയിൽ ഡിസ്പെൻസറി,അന്നമനട | ഡോ. സിബി ജോൺ, പാലയിൽ, പുളിയനം |
| ഹോമിയോപ്പതിക് സ്പെഷ്യാലിറ്റി ക്ലിനിക് | ഡോ. സുസ്മി എൻ. എസ്., നെയ്തക്കുടിവീട്, വലിയപറമ്പ് |
| മേരിമാത ഹോമിയോപ്പതിക് ക്ലിനിക്ക് | ഹരിത പാപ്പച്ചൻ, കണ്ടംകുളത്തി, കുമ്പിടി |
| ഡോ. അഗസ്റ്റിൻ മെമ്മോറിയൽ | ഡോ. മെൽവിൻ അഗസ്റ്റിൻ, |

| | |
|---|---|
| ഡെന്റൽ ക്ലിനിക്ക് | മുളവരിക്കൽ, മാള |
| കെയർ ഡെന്റൽ ക്ലിനിക് | നൈജെൽ ടോം, ചിറമ്മേൽ, അരിപ്പാലം |

ടി സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനും ലൈസൻസും എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 വാടകക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017, ചട്ടം 3 ,7 പട്ടിക I & II പ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തെ വാടകക്ക് നൽകിയ കെട്ടിടങ്ങളുടെ രജിസ്റ്ററുകളും, ലൈസൻസ് രജിസ്റ്ററുകളും പരിശോധിച്ചതിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | സ്റ്റാൾനമ്പർ |
|---|---|---|
| 1. | പത്മനാഭൻ, കറ്റുകണ്ടത്തിൽ കല്ലൂർ | 5/895 |
| 2. | സെയ്തുമുഹമ്മദ്, മുളങ്ങത്ത്, മാമ്പ്ര | 5/896 |
| 3. | ജോയ് ജോസഫ്, എടാട്ടുകാരൻ, കൊരട്ടി | 5/900 |
| 4. | സോണി ഇക്ബാൽ, വലിയവീട്ടിൽ | 5/901 |
| 5. | വാസന്തി ശശി, ചാത്തനാട് കുറി, കുറുമ്മശ്ശേരി | 5/903,904 |
| 6. | അബ്ദുൾ ജബ്ബാർ. സി. ഇ., ചേമ്പിലക്കാട്, അന്നമനട | 4/530 |
| 7. | തോമസ്, കോഴിപ്പാട്ട്, കുഴൂർ | 4/548 |
| 8. | ജോർജ്ജ്. എം. പി., അണ്ണല്ലൂർ | 4/549 |
| 9. | ബാബു,വെട്ടിയാടൻ, അന്നമനട | 4/551 |
| 10. | കൃഷ്ണൻകുട്ടി പി.ആർ., പടിഞ്ഞാറട്ടത്ത്, അന്നമനട | 4/553 |

ഇത്തരത്തിൽ വാടകക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/13.10.23) മറുപടിയായി, 2022-23 സാമ്പത്തിക വർഷത്തിൽ സാമ്പത്തിക പ്രതിസന്ധിമൂലം ലൈസൻസ് പുതുക്കിയിട്ടില്ല എന്നും നടപ്പ് സാമ്പത്തിക വർഷത്തിൽ ടി വ്യക്തികൾ പിഴ ഈടാക്കി ലൈസൻസ് എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കി. പിഴ ഈടാക്കി ലൈസൻസ് പുതുക്കിയ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-15 തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഭരണസമിതിയുടെ 11/07/2022ലെ തീരുമാനം നമ്പർ 25(2) പ്രകാരം ഗ്രാമപഞ്ചായത്ത് കോമ്പൗണ്ട്, ബസ് സ്റ്റാന്റ് പരിസരം എന്നിവിടങ്ങളിൽ മുറിച്ചിട്ടിരിക്കുന്ന പൊട്ടാമ, മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പരിസരത്തെ ബദാം, നഞ്ച്യാർകുളം ഭാഗത്തെ ഞാവൽ, മാവ്, കരശ് എന്നിവ പുനർലേലം നടത്തിയതിൽ ആരും പങ്കെടുക്കാത്തതിനാൽ 10% കുറവിൽ പുനർലേലം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ തുടർനടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലേലം കൊള്ളാൻ ആരും തയ്യാറാകാത്ത സാഹചര്യത്തിൽ ക്വൊട്ടേഷൻ നടപടികൾ സ്വീകരിച്ച് വസ്തുക്കൾ കൈയൊഴിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 നമ്പറിങ്ങ് ഫയൽ പരിശോധന-അപാകങ്ങൾ

1)ഫയൽ നം. SC2/2415/2022

അബാം ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡിനുവേണ്ടി അബ്രഹാം മാത്യു എന്നവർ സമർപ്പിച്ച ഫയൽ പരിശോധനയിൽ സർവെ നം.715/3-10 ൽ (പ്ലോട്ട് ഏരിയ-3460$m^2$ ) 14/259 (നിലവിലുള്ള വിസ്തീർണ്ണം-290$m^2$ ) എന്ന റെസിഡെൻഷ്യൽ കെട്ടിടത്തിൽ അധികം നിർമ്മിച്ച 226.64$m^2$ വിസ്തീർണം ക്രമവൽക്കരിക്കുകയും നികുതി പുനർനിർണയിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടയുടമ പിന്നീട് റെഗുലറൈസേഷനായി സമർപ്പിച്ച പ്ലാനിൽ (ഫയൽനം. SC2/4042/2022) രേഖപ്പെടുത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെഗുലറൈസേഷൻ ഓഫ് ഗ്രൂപ്പ് A2-സ്പെഷ്യൽ റെസിഡൻസ്(ടൂറിസ്റ്റ് റിസോർട്ട്)

നിലവിലെ വീസ്തീർണം( താഴത്തെ നില) =463.52$m^2$

നിലവിലെ വീസ്തീർണം(ഒന്നാംനില ) =53.12$m^2$

സ്പെഷ്യൽ റെസിഡൻസ്{താഴത്തെ നില (Proposed)}=342.62$m^2$

ആകെ വിസ്തീർണം=859.29$m^2$

ആകെ 859.29$m^2$ വിസ്തീർണമുള്ള കെട്ടിടത്തെ റിസോർട്ട് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 14/259B, 14/259 എന്നിങ്ങനെ നമ്പർ അനുവദിക്കുകയും നികുതി നിർണയിക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി നിർമിച്ച 342.62$m^2$ വിസ്തീർണത്തിന് റെഗുലറൈസേഷൻ ഫീ 14 രൂപാ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ടൂറിസ്റ്റ് റിസോർട്ടിന് ബാധകമായ പെർമിറ്റ് ഫീ ഷെഡ്യൂൾ II പ്രകാരം 10 രൂപയാണ്(റെഗുലറൈസേഷൻ ഫീ 20രൂപ/$m^2$).റെഗുലറൈസേഷൻ ഫീ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നമ്പർ:17/11.10.2023).

2)ഫയലിൽ സമർപ്പിച്ചിട്ടുള്ള അപ്പെൻഡിക്സ് L ൽ—ഗ്രൂപ്പ് A2- സ്പെഷ്യൽ റെസിഡൻസ്-ടൂറിസ്റ്റ് റിസോർട്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 15.5.23 ലെ SC3-2891/2023-24/404 ാം നമ്പർ ലൈസൻസിൽ ആബാം തറവാട് (A Unit Of Abaam Hospitality Pvt Ltd) എന്ന സ്ഥാപനപ്പേരിൽ ഹോട്ടൽ പ്രവർത്തനം നടത്തുന്നതിനാണ് (ലൈസൻസ് കാലയളവ്-25.4.23 മുതൽ 31.12.23 വരെ) ടി കെട്ടിടത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.പഞ്ചായത്ത് രജിസ്റ്ററിൽ റിസോർട്ടായും ലൈസൻസിൽ ഹോട്ടൽ എന്നും രേഖപ്പെടുത്തി കാണുന്നു. അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല(ഓഡിറ്റ് അന്വേഷണം നമ്പർ:17/11.10.2023)

3)ക്രമവൽക്കരണത്തിനായി ലഭിച്ച ഫയലുകളിൽ തുടർ നടപടി സ്വീകരിക്കാത്ത അപേക്ഷകളുടെ വിവരങ്ങൾ, ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം നടക്കുന്നത് പരിശോധിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തി അത്തരം കേസുകളിൽ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ:21/13.10.2023). തുടർ നടപടി സ്വീകരിക്കാത്ത അപേക്ഷകളിൻമേൽ അന്വേഷണം നടത്തി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമെങ്കിൽ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി ഫയൽ തീർപ്പാക്കേണ്ടതുമാണ്.

## 1-17 വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

9.07.2015-ലെ സ.ഉ(എം.എസ്) 231/15/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും പുനർ നിർണ്ണയിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകി ഉത്തരവായിട്ടുള്ളതാണ്. ആയതുപ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ, അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ച രസീതിന്റെ

പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്നു തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ജോയ് നെല്ലിശ്ശേരി എന്നവർ സമർപ്പിച്ച നമ്പറിങ്ങ് ഫയൽ പരിശോധനയിൽ (ഫയൽ നം. A3/718/2022) പൂർത്തീകരിച്ച 58.18m$^2$വാണിജ്യ കെട്ടിടത്തിന്2/389E, 2/389F,എന്നിങ്ങനെ നമ്പർ നൽകി നികുതി നിർണയിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന് വില്ലേജിൽ ഒറ്റതവണ നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യുമ്പോൾ വില്ലേജിൽ ഒറ്റതവണ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-18 ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല

പഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രത്യേക ആവശ്യങ്ങൾക്കായി ലഭ്യമായതും 2022-23 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി4 ൽ ബാലൻസ് ഉള്ളതുമായ താഴെ ചേർക്കുന്ന തുകകൾ ലഭ്യമായ തീയതി , ഏത് ഏജൻസിയിൽ നിന്ന് ലഭ്യമായി എന്നീ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-11/12.9.2023).

| ക്രമ നമ്പർ | ഹെഡ്ഡ് | ബാലൻസ് | തുക (രൂപ) |
|---|---|---|---|
| 1 | 320100999 | Other Liabilities | 58898 |
| 2 | 320100125 | I.C.D.S | 1400957 |
| 3 | 320100198 | ശുചിത്വ മിഷൻ | 343943 |
| 4 | 320200399 | Grants Funds Contributions For Specific Purposes-Other Govt Agencies | 9862 |
| 5 | 320100181 | ടോട്ടൽ സാനിറ്റേഷൻ | 10000 |
| 6 | 320300199 | Grants Funds Contributions For Specific Purposes-Other Govt Agencies | 1165673 |
| 7 | 320800101 | ഗുണഭോക്തൃവിഹിതം | 176514 |
| 8 | 320900102 | Donations Related To Pandemic Control | 45088 |

മേൽ തുകകൾ പരിശോധിച്ച് ലഭ്യമായ ആവശ്യത്തിലേക്കായി ഉപയോഗിക്കേണ്ടതും അല്ലാത്ത പക്ഷം ലഭ്യമാക്കിയ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്. ഗുണഭോക്തൃ വിഹിതമിനത്തിലെ ബാലൻസ് പരിശോധിച്ച് മൂന്ന് വർഷമായിട്ടും ക്ലെയിം ചെയ്യാത്ത തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. കോവിഡ് സംഭാവന തുക സംബന്ധിച്ച് സർക്കാരിൽ നിന്ന് നിർദ്ദേശം വാങ്ങേണ്ടതാണ്.

## 1-19 പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്പ് ലഭ്യമാക്കൽ -ഒറിജിനൽ ഇൻവോയ്സ് ഇല്ല.

പ്രൊജക്ട് നമ്പർ-247/23

ഫണ്ട് -വികസന ഫണ്ട് (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ട്രഷറി ബിൽ നമ്പർ-30/29.3.2023-96552 രൂ

പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്പ് ലഭ്യമാക്കൽ എന്ന പ്രൊജക്ടിൽ 96552 രൂ കെൽട്രോണിന് PRF -TVM-

TBG-P1/KC/46763/2.3.23 പ്രകാരം കൈമാറി. ഓഡിറ്റ് എൻക്വയറി നമ്പർ-3/10.10.2023 ന് നൽകിയ മറുപടിയിൽ ലാപ്ടോപ്പ് ലഭ്യമായതായി അറിയിച്ചു. എന്നാൽ ഒറിജിനൽ ഇൻവോയ്സ് ഫയലിൽ ഇല്ല. ഒറിജിനൽ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 ഹോമിയോ മരുന്ന് ലഭ്യമായില്ല.നോൺ അവൈലബിലിറ്റി സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് തുക കൈമാറി

പ്രൊജക്ട് നമ്പർ-25/23& 26/23

നിർവ്വഹണ ഉദ്യോഗസ്ഥ-ഹോമിയോ മെഡി. ഓഫീസർ

ഫണ്ട് -മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്

ചെലവ് -250000& 200000

വൗച്ചർ നമ്പർ-42200942/23.12.22- 250000&42200961/5.1.23- 200000

ഓഡിറ്റ് എൻക്വയറി നമ്പർ-20/13.10.2023

25/23 നമ്പർ പ്രൊജക്ട് പ്രകാരം പൂവ്വത്തുശ്ശേരി ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങലിനായി ഹോംകോക്ക് പ്രൊഫോർമ ഇൻവോയ്സ് നമ്പർ 994/10.12.2022 പ്രകാരം 250000 രൂപ കൈമാറിയിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല. 26/23 പ്രൊജക്ടിൽ NHM ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങലിനായി ഹോംകോക്ക് പ്രൊഫോർമ ഇൻവോയ്സ് നമ്പർ – 1005/13.10.2022 200000 രൂപ കൈമാറിയതിന് ഇൻവോയ്സ് നമ്പർ LF 1185/1.9.2023 പ്രകാരം 99940 രൂപക്കുള്ള മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി എൻക്വയറിക്ക് മറുപടി ആയി മെഡിക്കൽ ഓഫീസർ അറിയിച്ചു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഈ പ്രൊജക്ടുകളിൽ ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചത് 18.1.2023 നാണ് (നമ്പർ -1424/എ1/2022 /ഡി എം റ്റി ) പ്രസ്തുത സാക്ഷ്യപത്രത്തിലെ സൂചനയിൽ പൂവ്വത്തുശ്ശേരി ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസറുടെ 2.1.2023 ലെ അപേക്ഷ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിനു മുൻപേ മരുന്ന് വാങ്ങലിന് തുക 250000 രൂപ കൈമാറിയിരുന്നു. ഈ അപാകതക്ക് മറുപടി ലഭ്യമാക്കിയില്ല.
മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ബാലസഭ -അധിക ചെലവ് 15270 രൂപ

പ്രൊജക്ട് നമ്പർ-166/23

വികസന ഫണ്ട് ജനറൽ

അടങ്കൽ-50000

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി സെക്രട്ടറി

ചെലവ് 33270/-ട്രഷറി ബിൽ നമ്പർ-13/28.3.2023

ഓഡിറ്റ് എൻക്വയറി നമ്പർ-15/12.10.2023

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ) നം.115/22/തസ്വഭവ തീയതി.28 .5.22 ഖ.7.7.10(1) പ്രകാരം ബാലസഭ പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് 1000 രൂപ ആണ് ചെലവഴിക്കാവുന്നത്. 18 വാർഡ് ഉള്ള അന്നമനട പഞ്ചായത്തിൽ ആകെ 18000 രൂപയാണ് ചെലവഴിക്കാവുന്നത്. എന്നാൽ 33270 രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക തൃപ്തികരമായി ചെലവഴിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച തുക 15270 രൂപ ( 33270- 18000) തടസ്സപ്പെടുത്തുന്നു.

## 1-22 അഗതി രഹിത കേരളം -അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന വികസന ഫണ്ട് -10,50000 രൂപ

അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അഗതി രഹിത കേരളം വീട് മെയിന്റനൻസിന് കുടുംബശ്രീക്ക് വിഹിതം കൈമാറൽ എന്ന പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ 2022-23 വർഷം വികസന ഫണ്ട് ജനറൽ വിഹിതം 450000രൂപ (വൗച്ചർ നമ്പർ- ) പ്രകാരം സിഡിഎസ്സിന്റെ അഗതി രഹിത കേരളം കേരള ഗ്രാമീൺ ബാങ്കിലെ (അക്കൗണ്ട് നമ്പർ-KLGB-40368101058794) അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അഗതി രഹിത കേരളം പഞ്ചായത്ത് ഫണ്ടിന്റെ ചെലവ് വിവരം സൂക്ഷിക്കുന്ന ഫയൽ പ്രകാരം 2023-24 ൽ ഉൾപ്പെടെപ്രസ്തുത തുകയിൽ നിന്നും ആകെ 150000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ചെക്ക് നമ്പർ/തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | റോസ്ലിൻ സാനി | 026234/10.1.2023 | 15000 |
| 2 | റോസി വർക്കി | 026236/29.3.23&026904 /6.6.2023 | 10000<br>15000 |
| 3 | അന്നം പൗലോസ് | 026237/29.3.23&026906 /12.7.2023 | 10000<br>40000 |
| 4 | വാസന്തി ആര്യാടൻ | 026239/ 29.3.23&026905/27.6.2023 | 10000<br>40000 |
| 5 | ഏല്യ മാമ്പിള്ളി | 026240/ 29.3.2023 | 10000 |
| | | ആകെ | 150000 |

2019-20 ലാണ് അഗതി രഹിത കേരളം പദ്ധതിക്ക് അംഗീകാരം (ഉത്തരവ് നമ്പർ-KS/L/351/2019 തീ.8.3.2019 എക്സി.ഡയറക്ടർ കുടുംബശ്രീ) ലഭിച്ചത്. 2019-20 മുതൽ 2022-23 വരെ കുടുംബശ്രീ അക്കൗണ്ടിലേക്ക് പഞ്ചായത്ത് കൈമാറിയ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | തുക | അക്കൗണ്ടിൽ വരവ് വച്ച തീയതി |
|---|---|---|
| 2019-20 | 500000 | 28.6.2019 |
| 2020-21 | 500000 | 21.1.21 |
| 2021-22 | 500000 | 24.9.21 |
| 2022-23 | 450000 | 9.11.22 |
| ആകെ | 1950000 | |

പഞ്ചായത്ത് കൈമാറിയ തുകകളുടെ ചെലവിന്റെ വിശദാംശം താഴെ ചേർക്കന്നു

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2019-20 | 205000 |
| 2020-21 | 400000 |
| 2021-22 | 100000 |
| 2022-23 | 55000 |
| 2023-24 | 95000(1.9.23വരെ) |
| ആകെ | 855000 |

പലിശ ഉൾപ്പെടെ മേൽ അക്കൗണ്ടിലെ ബാലൻസ് 1.9.2023 ൽ 12,72,392 രൂ ആണ്. സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ളവരെ പുനരുദ്ധരിക്കുന്നതിനായി ആരംഭിച്ച അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്കായി അനുവദിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നത് ശരിയായ നടപടി അല്ല. പഞ്ചായത്ത് ഭരണ സമിതി ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-23 ഹരിത മിത്രം ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നമ്പർ-250/23

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

വൗച്ചർ നമ്പർ- 22201036/30.3.23-204120രൂ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

വൗച്ചർ നമ്പർ- 22201013/27.3.23-780രൂ (തനത് ഫണ്ട്)

ഫണ്ട് -തനത് ഫണ്ട്& ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ്-204900രൂപ

ഹരിത മിത്രം ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം എന്ന പദ്ധതിയിൽ കെൽട്രോണിന് PRF-SGMS-A-26648/22-23/6.3.23 പ്രകാരം 204900 രൂപ നൽകിയിട്ടുണ്ട്. ക്യൂ ആർ കോഡ്, ലാപ്ടോപ്പ്, സർവ്വീസ് ചാർജ്, മാൻപവർ എന്നിവക്കാണ് സ.ഉ(ആർടി) നം 2307/2021/LSGD/18.11.21 പ്രകാരം തുക കൈമാറിയത്. ഇൻവോയ്സ് നമ്പർ 10033 /31.3.23 പ്രകാരം 50000 രൂപക്ക് ലാപ്ടോപ്പ് ലഭിച്ചിട്ടുണ്ട്.എന്നാൽ മറ്റുള്ളവ ലഭ്യമായതായി ഫയലിൽ വിവരം ഇല്ല. പ്രവൃത്തിയുടെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-3/10.10.2023 ന് ലഭ്യമാക്കിയ മറുപടിയിൽ നവംബർ 2023 മുതൽ സംവിധാനം 100 ശതമാനം പ്രവർത്തനക്ഷമമാകും എന്നറിയിച്ചു. കെൽട്രോണുമായി 21.3.2023 ൽ ഒപ്പു വച്ച കരാർ പ്രകാരം (ക്ളോസ് 5(P)). കെൽട്രോൺ പഞ്ചായത്തിന് പൂർത്തീകരണ സാക്ഷ്യപത്രം നൽകേണ്ടതാണ്. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 പി എം എ വൈ പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗ സക്ഷ്യപത്രം പൂർണ്ണമല്ല.

പ്രൊജക്ട് നമ്പർ-24/23

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ഫണ്ട് -വികസന ഫണ്ട് ജനറൽ

വൗച്ചർ നമ്പർ-42200934/29-11-2022- 70,000.00

വൗച്ചർ നമ്പർ-42200933/ 29-11-2022- 70,000.00

വൗച്ചർ നമ്പർ-42200946/23-12-2022- 70,000.00

വൗച്ചർ നമ്പർ- 42201008/25-02-2023 - 70,000.00

വൗച്ചർ നമ്പർ-42201035/15-03-2023-70000.00

പി എം എ വൈ പഞ്ചായത്ത് വിഹിതമായി 350000 രൂപ മാള ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ 140000 രൂപക്കുള്ള വിനിയോഗ സാക്ഷ്യപത്രം മാത്രമേ ഫയലിൽ ഉള്ളൂ. 210000 രൂപക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 ലൈഫ് ഭവനനിർമാണം -അഡ്വാൻസ് കൈപ്പറ്റിയിട്ടും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി.ജിജിത, ഐരാണിത്തറ, (മൂന്നാം വാർഡ്) എന്നവർക്ക്, 7-5-21ന്, ഭവനനിർമാണത്തിനായി അഡ്വാൻസ് തുക, 40,000/രൂപ കൈമാറിയിട്ടുണ്ട്. (ബിൽ നം.1/21-22,dt.7-5-21)എന്നാൽ ഇവർ നാളിതുവരെ ഭവനനിർമാണം ആരംഭിക്കാത്ത സാഹചര്യത്തിൽ അഡ്വാൻസ് തുക പിഴപ്പലിശയോട് കൂടി ഈടാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. (10-6-22 ലെ അജണ്ട-29, തീരുമാനം-1) ഇവരിൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കിയോ എന്ന വിവരം ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5, തീയതി 10-10-23ന്, വി.ഇ.ഒ നേരിട്ട് പോയി നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. ഭവനനിർമാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കാത്ത പക്ഷം, അഡ്വാൻസ് തുക പിഴപ്പലിശയോട് കൂടി തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 എക്കാട്ടിതോട് വൻതോട് പുറക്കളം വിവിധ സംരക്ഷണ പ്രവർത്തികൾ- കരാർ വച്ചിട്ടും പ്രോജക്ട് നടപ്പാക്കിയില്ല.

പ്രോജക്ട് നം.158/22

ഫണ്ട്- ഡെവലപ്പ്മെന്റ് ഫണ്ട്- സി എഫ് സി ഗ്രാന്റ്

അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായ, 15 ലക്ഷം രൂപാ അടങ്കലുള്ള ഈ പ്രവൃത്തിക്ക്, TS No.92170/2021-22,dt.10-3-22 പ്രകാരം സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. . ഇ ടെണ്ടർ വഴി, ശ്രീ. ശ്രീകുട്ടൻ. കെ. ജെ., കോക്കാട്ട് ഹൗസ്, വെസ്റ്റ് കൊരട്ടി എന്നയാൾ, 13,22,939/രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുകയും, 25-3-22ന്, 52/AE-ANM/LID&EW/21-22 പ്രകാരം കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി ആറ് മാസമാണ്.

വർക്ക് ഓർഡർ നം.13/AE-ANM/WO/21-22,dt.25-3-22 പ്രകാരം പ്രവൃത്തി ഏൽപ്പിച്ച് നൽകുകയും, 25-3-22 ന് തന്നെ ഇയാൾ പ്രവൃത്തി നടത്തുന്നതിനായി സൈറ്റ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, 21-22 ന് ശേഷം, 22-23 സാമ്പത്തിക വർഷത്തിലും സ്പിൽ ഓവർ ആയി, (പ്രോജക്ട് നം.48/23 ) മേൽ പ്രോജക്ട്- ഉൾപ്പെടുത്തിയിരുന്നെങ്കിലും നാളിതുവരെ ഈ പണി നടന്നിട്ടില്ല.

കരാറുകാരനുമായുള്ള ഉടമ്പടിയിലെ 9-ാം നമ്പർ നിബന്ധന പ്രകാരം, പ്രവൃത്തി പൂർത്തിയാകുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കുന്നതും പ്രവൃത്തി മറ്റൊരു ഏജൻസി വഴി പൂർത്തിയാക്കുന്നതുമാണ്. അങ്ങനെ ഒരു ഏജൻസിയെക്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കുന്നത് മൂലം ഉണ്ടാകുന്ന അധികച്ചെലവ് മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽ നിന്നും ജാമ്യനിക്ഷേപത്തിൽ നിന്നും, സ്ഥാവരജംഗമവസ്തുക്കളിൽ നിന്നും വസൂലാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

കരാർ ഉടമ്പടിയിൽ ഇത്തരത്തിലുള്ള ഒരു നിർദ്ദേശം ഉണ്ടായിട്ടും പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9,dt.11.10.23 ന് അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, പല തവണ കോൺട്രാക്ടറോട് പണി തുടങ്ങാൻ ആവശ്യപ്പെട്ടു എങ്കിലും ഉടനെ തുടങ്ങാം എന്ന് പറഞ്ഞതല്ലാതെ, പണി ആരംഭിച്ചില്ല എന്നും, 2023-24 വർഷത്തിൽ ഈ പ്രോജക്ട് പുതിയതായി വീണ്ടും തുടങ്ങുന്നതിന് സാങ്കേതികനുമതി ലഭിച്ചിട്ടുണ്ട് എന്നും, കരാറുകാരൻ അയാളുടെ ഇ എം ഡി തിരിച്ച് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും തിരികെ നൽകണ്ട എന്നാണ് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. കമ്മിറ്റി തീരുമാനം നടപ്പിലാക്കേണ്ടതും, പദ്ധതിയുടെ തുടർനടത്തിപ്പ് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 ഞങ്ങളും കൃഷിയിലേക്ക്-വനിതാ പച്ചക്കറി കൃഷി- ഗ്രോ ബാഗ് വിതരണരേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ-കൃഷി ഓഫീസർ

പ്രോജക്ട് നം.94/23

അടങ്കൽ-4,90,000 (വികസനഫണ്ട്-പൊതുവിഭാഗം-3,80,000, ഗുണഭോക്തൃവിഹിതം-1,10,000/)

അന്നമനട ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളെ കൃഷിയോഗ്യമാക്കി, അതുമൂലം ഭക്ഷ്യസുരക്ഷ ലക്ഷ്യത്തിലെത്തിക്കാനായി പച്ചക്കറി വിത്ത്, 100% സബ്സിഡിയിലും, മണ്ണ്, വളം നിറച്ച ഗ്രോബാഗ്, മൺചട്ടി തൈകൾ, 75% സബ്സിഡിയിലും വിതരണം ചെയ്യാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

ട്രഷറി ബിൽ നം.4/22-23,dt.23-2-23 പ്രകാരം, 3,80,000 രൂപ, (പൊതുവിഭാഗം-വികസനഫണ്ട്) വെള്ളാങ്കല്ലൂർ കാർഷികസേവന കേന്ദ്രത്തിന് കൈമാറിയിട്ടുണ്ട്. കാർഷികസേവനകേന്ദ്രം, ഇൻവോയ്സ് നം.682, Dt.22-2-23 പ്രകാരം 4400 ഗ്രോബാഗും, ഇൻവോയ്സ് നം.683, Dt.22-2-23 പ്രകാരം 50000/- രൂപയ്ക്കുള്ള പച്ചക്കറി വിത്തും നൽകിയിട്ടുണ്ട്. ഇതിൽ ഇൻവോയ്സ് നം.682, Dt.22-2-23 പ്രകാരം 4400 ഗ്രോബാഗുകളുടെ വിലയായ 4,40,000/-രൂപയിൽ, പദ്ധതിവിഹിതമായ 3,30,000 രൂപ മാത്രമാണ് കൈമാറിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതം 1,10,000/- രൂപ സ്ഥാപനത്തിന് കൈമാറിയിട്ടില്ല. ഗ്രോബാഗുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത്

ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ഗ്രോബാഗിന് വേണ്ടി ചെലവാക്കിയ തുക, 3,30,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 പച്ചക്കറി കൃഷി- തുക വിതരണം നടത്തിയതിന് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പ്രോജക്ട് നം. 98/23

അടങ്കൽ- 3,00,000/

വികസനഫണ്ട് പൊതുവിഭാഗം

അന്നമനട ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം വിവിധ കർഷകർ ക്ലസ്റ്റർ ആയി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതുമൂലം ഭക്ഷ്യസുരക്ഷയിലെത്തുന്നതിന് വിത്തുകൾ സൗജന്യമായി നൽകുന്നതിനുമാണ് പ്രൊജക്ട് ലക്ഷ്യമിടുന്നത്. ജൈവവളത്തിന് 75% സബ്സിഡി നൽകുന്നതിനും പ്രൊജക്റ്റ് ലക്ഷ്യമിടുന്നത്.

ട്രഷറി ബിൽ നം.7/22-23, Dt.16-3-23 പ്രകാരം 50000/-രൂപയ്ക്ക് വിത്തുകൾ വി എഫ് പി സി കെയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ട്രഷറി ബിൽ നം-8/22-23, Dt.29-3-23, പ്രകാരം, 2,50,000/- രൂപ താഴെ പറയുന്നവരുടെ അക്കൗണ്ടുകളിലേക്ക് നൽകിയതായി കാണുന്നു.

ഷാജി.എം.എം. -60000

അരവിന്ദാക്ഷൻ -2903

മോഹനൻ.പി.കെ -50000

ഗോപി.എം.എസ്. -85000

ബിജു.കെ.കെ. - 52097

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട്, ഐശ്വര്യ പച്ചക്കറി ക്ലസ്റ്റർ, മാമ്പ്ര, ഗ്രീഷ്മ പച്ചക്കറി ക്ലസ്റ്റർ വാർഡ് 17, ഹരിത പച്ചക്കറി ക്ലസ്റ്റർ വാർഡ്-1, സമൃദ്ധി പച്ചക്കറി ക്ലസ്റ്റർ വാർഡ് 4,5,6,7, ആത്മ പച്ചക്കറി കർഷക സമിതി എന്നിവയിലെ കൃഷിക്കാർ കൃഷി ചെയ്ത സ്ഥലത്തിന്റെ നികുതി അടച്ച രസീത്, കർഷകരിൽ ചിലർ വളം വാങ്ങിയതിന്റെ ബില്ല് എന്നിവയാണ് ഹാജരാക്കിയിട്ടുള്ളത്.

ഇതിൽ ഐശ്വര്യ പച്ചക്കറി കർഷകസമിതി രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്, സമിതിയുടെ പേരിലുള്ള പാസ്ബുക്കിന്റെ പകർപ്പ് എന്നിവയും, ആത്മ പച്ചക്കറി കർഷകസമിതി, സമിതിയുടെ പേരിലുള്ള പാസ്ബുക്കിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. ഈ രണ്ട് സമിതികൾക്ക് മാത്രമാണ് സമിതിയുടെ പേരിലേക്ക് തുക നൽകിയിട്ടുള്ളത്. എന്നാൽ രണ്ട് സമിതികളും ഹാജരാക്കിയ വളം വാങ്ങിയ ബില്ലിന് ആനുപാതികമായ തുകയല്ല സബ്സിഡി ആയി നൽകിയിട്ടുള്ളത്. ബാക്കി മൂന്ന് സമിതികളും സമിതിയുടെ പാസ്ബുക്കിന്റെ പകർപ്പോ, സമിതി രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റോ, കൈപ്പറ്റിയ സബ്സിഡിക്ക് ആനുപാതികമായ വളം വാങ്ങിയ ബില്ലുകളോ ഓഡിറ്റിന് ഹാജരാക്കിയില്ല. അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21, Dt.13– 10-23ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കി വിശദീകരണം നൽകുന്നത് വരെ വിതരണം ചെയ്ത തുക 2,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ജലനിധി കുടിശ്ശിക

അന്നമനട ഗ്രാമപഞ്ചായത്തിൽ, കുടിവെള്ളവിതരണം ജലനിധി ഏറ്റെടുക്കുന്നത് 2017 ഓഗസ്റ്റ് 1 മുതലാണ്. അന്നു മുതൽ വാട്ടർ അതോറിറ്റി ബൾക്ക് വാട്ടർ ചാർജ്ജ് ബിൽ ആണ് നൽകി വരുന്നത്. ഗ്രാമപഞ്ചായത്ത് SLEC (സ്കീം ലെവൽ എക്സ്പെർട്ട് കമ്മിറ്റി) യുമായും, KWA (കേരള വാട്ടർ അതോറിറ്റി) യുമായും ഉണ്ടാക്കിയ കരാർ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കരം SLEC(സ്കീം ലെവൽ എക്സിക്യൂട്ടീവ് കമ്മറ്റി) പിരിച്ചെടുത്ത് പഞ്ചായത്തിൽ അടക്കുകയും ബൾക്ക് മീറ്റർ റീഡിംഗ് പ്രകാരം KWA ക്ക് നൽകേണ്ട തുക

ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്യണം. ജലനിധി കുടിവെള്ള വിതരണം ഏറ്റെടുക്കുമ്പോൾ പഞ്ചായത്തിലെ കുടിവെള്ള ചാർജ് കുടിശ്ശിക 0 ആയിരുന്നു. ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയ 3.3.2023 തീയതിയിലെ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം (ബിൽ നമ്പർ 2/23) കുടിശ്ശിക 88,16,553 രൂപ ആണ്.

ജലനിധി സ്കീം ലെവൽ കമ്മിറ്റിയും പഞ്ചായത്ത് പ്രസിഡന്റും തമ്മിൽ ഒപ്പ് വച്ച കരാറിലെ നിർദ്ദേശം 4.10 പ്രകാരം, ഗ്രാമപഞ്ചായത്ത് എസ്.എൽ. ഇ. സി യിൽ നിന്നും ഓരോ മാസവും, എസ്.എൽ.ഇ. സി വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കാനുള്ള കുടിശ്ശിക തുകയുടെ 2% ഫൈൻ ആയി ഈടാക്കേണ്ടതാണ് എന്ന് പറയുന്നുണ്ട്. എന്നാൽ പഞ്ചായത്ത് ഈ രീതിയിൽ ഫൈൻ ഈടാക്കുന്നില്ല.

SLECയുടെ ഭാഗത്തു നിന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നാൽ വാട്ടർ അതോറിറ്റിക്ക് തുക അടവാക്കേണ്ട ഉത്തരവാദിത്വമുള്ള ഗ്രാമപഞ്ചായത്ത് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. ജലനിധി നിലവിൽ വന്നതോടെ പഞ്ചായത്ത് രാജ് നിയമങ്ങളിലെ പട്ടിക 3 പ്രകാരം ജലവിതരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായി മാറിയിരിക്കുകയാണ്. SLEC യുടെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് വിലയിരുത്തൽ നടത്തിയിട്ടില്ല. കുടിശ്ശിക അടവാക്കാത്തവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനും ജലവിതരണം കാര്യക്ഷമമായി നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
വാട്ടർ അതോറിറ്റി ഫെബ്രുവരി 23 മുതൽ വർദ്ധിപ്പിച്ച നിരക്കിലാണ് വാട്ടർ ചാർജ്ജ് ഈടാക്കി വരുന്നത് .എന്നാൽ അതിനനുസരിച്ച് പഞ്ചായത്ത് വാട്ടർ ചാർജിൽ വർദ്ധനവ് വരുത്തുന്നതിന് SLEC ക്ക് നിർദ്ദേശം നൽകിയിട്ടില്ല.ഇത് കുടിശ്ശിക വലിയതോതിൽ വർദ്ധിക്കാൻ ഇടയാക്കും .അതിനാൽ വാട്ടർ അതോറിറ്റി യുടെ വർദ്ധനവിന് അനുസൃതമായി ജലനിധി വാട്ടർ ചാർജ്ജിൽ വർദ്ധനവ് വരുത്തുന്നതിന് SLEC ക്ക് നിർദ്ദേശം നൽകേണ്ടതാണ്.

ജലനിധി പദ്ധതിയുടെ ഭാഗമായി, പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി വച്ച കരാറിലെ നിർദ്ദേശം പ്രകാരം, ജലനിധി കുടിശ്ശിക ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യത ആകും എന്നതിനാൽ പഞ്ചായത്ത് കുടിശ്ശിക ഒഴിവാക്കുന്നതിന് ജലനിധിയ്ക്ക് അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 പഠനമുറി പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്ട് നമ്പർ-171/23

വികസന ഫണ്ട്എസ് സി പി

അടങ്കൽ-1000000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി സെക്രട്ടറി

ചെലവ് 780912/-

| ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|
| 7/13.1.23 | 100000 |
| 8/30.1.23 | 250000 |
| 9//13.2.23 | 50000 |
| 11/16.2.23 | 150000 |
| 18/31.3.23 | 230912 |

പഠനമുറി പ്രൊജക്ടിൽ 200000 രൂപയാണ് ഓരോ ഗണഭോക്താവിനും നൽകാവുന്നത്. താഴെ കൊടുക്കുന്ന ഗുണഭോക്താക്കൾ 2 ഗഡു തുക മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. വിശദാംശം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| ശിവൻ സി എ, ചൂണ്ടയിൽ വീട്, വാർഡ് 9 മാമ്പ്ര | 50000<br>75000 | 30.1.23<br>16.2.23 |
| രമ ഷിബു കാഞ്ഞങ്ങാട് എരയാംകുടി വാർഡ് 6 | 50000<br>75000 | 30.1.23<br>16.2.23 |
| സരിത പള്ളിപ്പാട്ട് വാർഡ് 17 | 50000<br>80912 | 13.2.23<br>31.3.23 |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പൊജക്റ്റ്നമ്പർ:77/23
നിർവ്വഹണോദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ
അടങ്കൽ 1200000/- (വികസന ഫണ്ട് – ജനറൽ&ഗുണഭോക്തൃവിഹിതം)
വൗച്ചർ നമ്പർ- -42200951/26-12-2022-600000/-

കന്നുകുട്ടി പരിപാലന പദ്ധതിയിൽ 48 ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ,സംസ്ഥാനാവിഷ്കൃത വിഹിതം ഉൾപ്പെടെ (48*12500 = 600000) 600000/-രൂ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം പദ്ധതിയിൽ ഉടരാത്ത (ഫീഡ് കൈപ്പറ്റിയില്ല) ജീന ജെയ്സൺ, വാർഡ് 9, എൽസി നാല്പാടൻ വാർഡ് 2 എന്നിവർക്ക് നൽകിയ സബ്സിഡി വിഹിതം എസ്.എൽ.ബി.പിയിൽ നിന്നും തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

